# കുട്ടികള്‍ക്കായുള്ള ബൈബിള്‍ അവതരണം

## യേശു ശ്രേഷ്ഠനായ ഗുരു



എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus

അംഗികരിച്ചത് : E. Frischbutter; Sarah S.

തര്ജ്ജിമ ചെയുതത് : Rev. Benny

Alastair Paterson

നിര്മ്മിച്ചത് : Bible for Children
www.M1914.org

©2020 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.



യേശു
ഒരു ശ്രേഷ്ഠനായ
ഗുരു ആയിരുന്നു – ഇതുവരെ
ഉായിട്ടുള്ളതിൽ വെച്ച് ഏറ്റവും
ശ്രേഷ്ഠനായ അധ്യാപകൻ.



ജനക്കൂട്ടം
അവനെ ശ്രദ്ധിച്ചു കേട്ടു.
കരുണയുള്ളവരും നല്ലവരും
ദയയുള്ളവരും ആയിരിക്കുവാൻ
യേശു അവരോട് പറഞ്ഞു.



മറ്റുള്ളവർ
അവരെ വെറുക്കുകയും
മുറിവേൽപിക്കയും
ചെയ്യാം. എന്നാൽ ദൈവം
അവർക്കുവേി കരുതും.



യേശു
നിരവധി
കാര്യങ്ങൾ
പഠിപ്പിച്ചു. ഒരു
മെഴുകുതിരി
വീടിനുള്ളിൽ ...



... പ്രകാശിക്കുന്നതുപോലെ
ദൈവത്തിന്റെ ജനം
ലോകത്തിന്
വെളിച്ചമായിത്തീരേണം
എന്ന് യേശു
പറഞ്ഞു.



ഇരുട്ടുള്ള
മുറിയിൽ
മെഴുകുതിരി
കത്തിച്ചുവെച്ചാൽ
ഉളാകുന്നത്
വലിയ
വ്യത്യാസമാണല്ലോ!

പ്രതികാരത്തിൽ
വിശ്വസിച്ചിരുന്നവരോടാണ് യേശു
സംസാരിച്ചുകൊിരുന്നത്.
കണ്ണിനുപകരം
കണ്ണ്,
പല്ലിനുപകരം
പല്ല്.
എന്നാൽ
യേശു
പഠിപ്പിച്ചത് ...



... കരുണ കാണിക്കാനും ക്ഷമിക്കാനും സ്നേഹിക്കാനുമാണ്, ശത്രുക്കളെപ്പോലും സ്നേഹിക്കുവാൻ!





യേശുവിന്റെ സമയത്ത്
തങ്ങൾ വളരെ
വിശുദ്ധരാണെന്ന്
അഭിമാനിക്കുന്ന ആളുകൾ
ഉായിരുന്നു.
ഒരു
ഭിക്ഷക്കാരന് പൈസ ...


... കൊടുക്കുമ്പോൾ പോലും
എല്ലാവരും തങ്ങളെ
കാണേതിന് ഒരു
മനുഷ്യനെക്കൊ്
തങ്ങളുടെ മുമ്പിൽ
അവർ
കാഹളം
ഊതിക്കുമായിരുന്നു.


എന്നാൽ യേശു പറഞ്ഞത്
“ദൈവം നിങ്ങൾക്ക്
പ്രതിഫലം തരേതിന് നിങ്ങൾ
കൊടുക്കുന്നത് രഹസ്യത്തിൽ
കൊടുക്കുക”
എന്നാണ്.

പ്രാർത്ഥനയെക്കുറിച്ചും യേശു
ഇങ്ങനെതന്നെയാണ് പഠിപ്പിച്ചത്. എല്ലാവരും
തങ്ങളെ കേൾക്കേതിനും
കാണേതിനും വേ
വളരെ തിരക്കുള്ള ...



... തെരുവുകളിൽ നിന്ന് പ്രാർത്ഥിക്കുന്നവരുായിരുന്നു. ദൈവത്തെക്കുറിച്ച് അവർ ചിന്തിച്ചതേയില്ല. തങ്ങളെക്കുറിച്ച് മറ്റുള്ളവർ ...



... എന്ത് ചിന്തിക്കുന്നു എന്നു മാത്രമേ അവർ നോക്കിയുള്ളു. കപടഭക്തിക്കാർ അഥവാ തെറ്റായി അഭിനയിക്കുന്നവർ എന്നാണ് യേശു അവരെ വിളിച്ചത്.



തന്റെ ഉപദേശങ്ങളെ
വിശദീകരിച്ചുകൊടുക്കുവാൻ യേശു
മിക്കപ്പോഴും പ്രകൃതിയെ
ഉപയോഗിച്ചിരുന്നു.



ഉദാഹരണത്തിന് യേശു പക്ഷികളെ ചൂിപ്പറഞ്ഞു. “അവയെ പോറ്റിപ്പുലർത്തുന്നത് നിങ്ങളുടെ സ്വർഗ്ഗീയ പിതാവാണ്.



നിങ്ങൾ ചിന്താകുലരാകേ,
ദൈവം നിങ്ങളെയും
പുലർത്തും” എന്ന്
യേശു പറഞ്ഞു.



യേശു തുടർന്നു പറഞ്ഞു, “ധനവാനായ ശലോമോൻ രാജാവുപോലും ഈ താമരകളുടെ അത്രയും മനോഹരനായിരുന്നില്ല.



വയലിലെ പുല്ലുകളെ ഇത്ര മനോഹരമായി ചമയിച്ചൊരുക്കുന്ന ദൈവം നിങ്ങളെ എത്രയധികമായി കരുതും?”



നമ്മുടെ സകല ആവശ്യങ്ങളെയും നിവർത്തിക്കുന്ന ദൈവത്തിൽ ആശ്രയിക്കുവാൻ അവൻ ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു.



പിന്നെയും യേശു പറഞ്ഞത് “നിങ്ങൾ നിങ്ങളുടെ സഹോദരനെ വിധിക്കുകയാണെങ്കിൽ, നിന്റെ കണ്ണിൽ ഒരു വലിയ കോൽ ഇരിക്കുമ്പോൾ അവന്റെ കണ്ണിലെ ഒരു ചെറിയ കരട് എടുത്തുകളയുവാൻ ശ്രമിക്കുന്നതിന് തുല്യമാണത്.” ജനങ്ങൾ ...



... പരിഹസിച്ച് ചിരിച്ചുകാണും. എന്നാൽ യേശു പറഞ്ഞതിന്റെ അർത്ഥം അവർ ചിന്തിക്കേിയിരിക്കുന്നു.





തങ്ങളെ സഹായിക്കേതിന് മനുഷ്യർ ദൈവത്തോട് ചോദിക്കേണമെന്ന് യേശു അരുളിച്ചെയ്തു. വിശന്നിരിക്കുന്ന കുഞ്ഞുങ്ങൾ അപ്പം ചോദിക്കുമ്പോൾ അവരുടെ ഈ ലോകത്തിലെ പിതാക്കന്മാർ കല്ലുകൾ കൊടുക്കുമോ?



ഇല്ല! അവർ നല്ല സാധനങ്ങൾ
മാത്രമേ കൊടുക്കുകയുള്ളു.
തന്നോട് ചോദിക്കുന്നവർക്ക്
ദൈവവും നല്ല
സാധനങ്ങൾ
മാത്രമേ
കൊടുക്കുകയുള്ളു.

കള്ള ഉപദേശകന്മാരെക്കുറിച്ച്
നല്ല ഗുരുവായ യേശു
മുന്നറിയിപ്പ് നൽകിയിരുന്നു.
“ആടുകളെപ്പോലെ അവർ
വേഷം ധരിക്കും.





എന്നാൽ അകമെ അവർ
ചെന്നായ്ക്കളെപ്പോലെയാണ്’’
എന്ന് യേശു പറഞ്ഞു.
കള്ള ഉപദേഷ്ടാക്കന്മാരെ
അവരുടെ ജീവിതം കൊ്
തിരിച്ചറിയാനാകുമെന്നും
യേശു പറഞ്ഞു.



ദൈവത്തിന്റെ വചനങ്ങളെ അനുസരിക്കുന്ന മനുഷ്യൻ പാറമേൽ വീട് പണിത

മനുഷ്യനെപ്പോലെയാണെന്ന് യേശു ഒരു കഥയിലൂടെ കാണിച്ചുകൊടുത്തു.

ഭയാനകമായ കൊടുങ്കാറ്റു
വന്നു. കൊടുങ്കാറ്റ്
സമാപിച്ചപ്പോൾ,
ആ വീട്
ഉറച്ചുനിൽക്കുന്നു.



എന്നാൽ ബുദ്ധിഹീനനായ മനുഷ്യൻ മണൽപ്പുറത്ത് തന്റെ വീട് പണിതു. കൊടുങ്കാറ്റ് വീശിയപ്പോൾ ആ വീട് വീണു തകർന്നുപോയി.



കാരണം അതിന്റെ അടിസ്ഥാനം ബലഹീനം ആയിരുന്നു. ദൈവത്തിന്റെ വചനം കേട്ടനുസരിക്കാത്തവനെല്ലാം ആ മനുഷ്യനെപ്പോലെയാണെന്നാണ് യേശു പറഞ്ഞത്.



യേശുവിന്റെ വാക്കുകളിൽ പുരുഷാരമെല്ലാം ആശ്ചര്യപ്പെട്ടു. ഇതിനുമുമ്പ് അവർ ഇങ്ങനെയുള്ള ഉപദേശം കേട്ടിട്ടേയില്ല.



ദൈവവചനം കേൾക്കമാത്രം പോരാ
തങ്ങൾ അത് അനുസരിക്കുകയും
വേണമെന്ന് ഇപ്പോൾ അവർ
മനസ്സിലാക്കി.



യേശു ശ്രേഷ്ഠനായ ഗുരു

ദൈവവചനത്തില് നിന്നും ഒരു കഥ.

ബൈബിളില് നിന്നുംഎടുത്തത്.

മത്തായി 5–7, ലൂക്കൊസ് 6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീര്ത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ
സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും
ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന്
ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള
ശിക്ഷ മരണമാണ് .എന്നാൽ ദൈവം
നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ
പാപങ്ങള്ക്ക്  വേണ്ടി ക്രുശിൽ
മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക്
അയച്ചു യേശു മരണത്തില്നിന്നും
ഉയിര്ത്തെഴുന്നേറ്റു സ്വര്ഗ്ഗത്തിൽ

## ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ